"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം. എസ് 39 ന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.332/2025/Co-Op തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:- 1. 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം.

2. സഹകരണ സംഘം രജിസ്ട്രാറുടെ 30/06/2025 ലെ ആർ.സി.എസ്/12247/24 പി & എം ബി (1) നം. കത്ത്.

3. ഇ.അനുമതി നം.AS/COP/25/ 43799 (share)

**ഉത്തരവ്**

കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം.എസ് 39 ന്, കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും ഉള്ള ധനസഹായ പദ്ധതി പ്രകാരം പയസ്വനി കോക്കനട്ട് പ്രോഡക്ട്സ് എന്ന വെളിച്ചെണ്ണ ഉൽപ്പാദന കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി 50.00 ലക്ഷം രൂപ (ഓഹരി-25.00 ലക്ഷം രൂപ, സബ്സിഡി-25.00ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും ഓഹരി ശീർകത്തിലെ 25 ലക്ഷം രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം.എസ് 39 ന്, കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും ഉള്ള ധനസഹായ പദ്ധതി പ്രകാരം പയസ്വനി കോക്കനട്ട് പ്രോഡക്ട്സ് എന്ന വെളിച്ചെണ്ണ ഉൽപ്പാദന കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി 25.00 ലക്ഷം രൂപ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം)

4425-108-45-34-3 - ഓഹരി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് 2025-26 സാമ്പത്തികവർഷത്തിൽ ഭരണാനുമതിയും റിലീസ് അനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം.എസ് 39 ന്, കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും ഉള്ള ധനസഹായ പദ്ധതി പ്രകാരം പയസ്വനി കോക്കനട്ട് പ്രോഡക്ട്സ് എന്ന വെളിച്ചെണ്ണ ഉൽപ്പാദന കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി 25.00 ലക്ഷം രൂപ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) 2025-26 സാമ്പത്തികവർഷത്തിൽ 4425-108-45-34-3 - ഓഹരി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/141/2025)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 14-07-2025 16:49:04
സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.